ഉത്തരം

(എ&ബി) ഇല്ല. എസ്.സി. വകുപ്പിന്റെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാൻ വടക്കഞ്ചേരി പഞ്ചായത്തിലെ റവന്യൂ പുറമ്പോക്ക് വിട്ടുനൽകണമെന്ന ആവശ്യത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറോട് മരങ്ങൾ ഉൾപ്പെടെയുള്ള ദേഹണ്ഡങ്ങളുടെയും ചമയങ്ങളുടെയും വിലകൂടി ഉൾപ്പെടുത്തി കമ്പോളവില നിശ്ചയിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി&ഡി) ഇല്ല. കൈമാറാനുദ്ദേശിക്കുന്ന ഭൂമിയിലുള്ള മരങ്ങൾ ഉൾപ്പെടെയുള്ള ദേഹണ്ഡങ്ങളുടെയും ചമയങ്ങളുടെയും വില കമ്പോളവിലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ പൂർത്തിയാക്കി ആയത് ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ തുടർനടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ

79 (2572) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കെടുതിയെ തുടർന്നുള്ള വെള്ളപ്പൊക്ക നിവേദന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്ത് ;

(ബി) വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ; മഴയെ തുടർന്നുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ;

(സി) ഇതുസംബന്ധിച്ച് കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മഴക്കെടുതിമൂലം ഉണ്ടാകുവാൻ സാധ്യതയുള്ള കെടുതികൾ നേരിടുന്നതിന് മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളപ്പൊക്കം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യസാധനങ്ങളും വിതരണം ചെയ്യുന്നതിനുള്ള സജ്ജീകരണമേർപ്പെടുത്തിയിട്ടുണ്ട്. മരുന്നുകളുടെയും ഡോക്ടർമാരുടെയും ലഭ്യത

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാന ദുരിതാശ്വാസനിധിയിൽനിന്നും വിവിധ പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടർമാർക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. കാലവർഷക്കെടുതികൾ നേരിടുന്നതിന് കളക്ടേറ്റിലും താലൂക്കിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജില്ലകളിലെ ദുരന്തലഘൂകരണ പ്രവർത്തനങ്ങൾക്കായി വിവര ശേഖരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഒരു മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. റവന്യൂ, പോലീസ്, ഫയർ & റസ്ക്യൂ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓടകൾ വൃത്തിയാക്കി നീരൊഴുക്കുകൾ സുഗമമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുത കമ്പിയിലേയ്ക്ക് വീണ് കിടക്കുന്ന അപകടകരമായ മരച്ചില്ലകൾ വെട്ടിമാറ്റുന്നതും, പകർച്ച വ്യാധികൾ തടയുന്നതിനും കെട്ടിടങ്ങളുടെ ബലക്ഷയം പരിശോധിക്കുന്നതിനും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾക്കും പ്രകൃതിക്ഷോഭ മുന്നൊരുക്ക നടപടികളുമായി ബന്ധപ്പെട്ട് ' ഓപ്പറേഷൻ അനന്ത' എന്ന പേരിൽ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ചാത്തന്നൂർ താലൂക്ക് രൂപീകരണം

80 (2573) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ ;

(ബി) ഇതുമായി ബന്ധപ്പെട്ട അപേക്ഷ ലഭിച്ചിരുന്നോ ;

(സി) ഈ സർക്കാരധികാരമേറ്റശേഷം പ്രസ്തുത ആവശ്യം പരിഗണിക്കാതിരുന്നത് എന്ത് കൊണ്ടാണ് ; വ്യക്തമാക്കുമോ ?

(ഡി) ഈ സർക്കാർ പുതുതായി താലൂക്കുകൾ അനുവദിച്ചത് ഏതെങ്കിലും പഠനത്തിന്റെയോ പരിശോധനയുടെയോ അടിസ്ഥാനത്തിലാണോ ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(ഇ) ചാത്തന്നൂർ താലൂക്ക് രൂപീകരണം എന്ന ന്യായമായ ആവശ്യം സാദ്ധ്യമാക്കുവാൻ തയ്യാറാകുമോ ; എങ്കിൽ എന്നത്തേക്ക് താലൂക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly